# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**02.04.2018 ൽ മറുപടിക്ക്**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. **T 6112**

## വിദേശത്ത് നിന്നും മണൽ ഇറക്കുമതി ചെയ്യുന്നതിന് നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.മഞ്ഞളാംകുഴി അലി | എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) നിർമ്മാണ മേഖലയിലെ മണൽ ക്ഷാമം നേരിടുന്നതിന് വിദേശത്ത് നിന്നും മണൽ ഇറക്കുമതി ചെയ്യുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് സ്വീകരിക്കാനുള്ളത്; വ്യക്തമാക്കുമോ; | (എ) വിദേശത്തു നിന്നും ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽ നിന്നും മണൽ ഇറക്കുമതി ചെയ്യുന്ന വ്യക്തികളെ ഉല്പാദകരായി പരിഗണിക്കണമെന്ന് 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 107 - ൽ വ്യക്തമാക്കിയിട്ടുണ്ട്. ടി ചട്ടങ്ങൾ പ്രകാരമുള്ള വ്യവസ്ഥകൾക്ക് വിധേയമായി മണൽ ഉൾപ്പെടെയുള്ള ചെറുകിട ധാതുക്കൾ ആർക്കും അന്യസംസ്ഥാനങ്ങളിൽ നിന്നും വിദേശത്തു നിന്നും ഇറക്കുമതി ചെയ്യാവുന്നതാണ്. വിദേശ രാജ്യങ്ങളിൽ നിന്നും അന്യസംസ്ഥാനങ്ങളിൽ നിന്നുമുള്ള മണൽ ഇറക്കുമതി പ്രോത്സാഹിപ്പിക്കുന്നതിനായും നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനായും 20.02.2018 തീയതിയിലെ നം.57/എ3/2018/വ്യവ സർക്കുലറിലൂടെ നിർദ്ദേശം നൽകിയിട്ടുണ്ട്. മറ്റു രാജ്യങ്ങളിൽ നിന്നും മണൽ ഇറക്കുമതി ചെയ്യുന്നത് 07.11.2014 ലെ Directorate General of Foreign Trade's Notification No.97 ന് വിധേയമായും Plant Quarantine (Regulation of Import to in India) Order 2003 ന് വിധേയമായും ആയിരിക്കണമെന്നും ഇത്തരത്തിൽ P.Q Order 2003 പ്രകാരം അംഗീകൃതമാണ് Cochin Port എന്നും, കൊച്ചിൻ പോർട്ടിലെ Plant Quarantine Station മുഖേന ക്ലിയറൻസോടെ മണൽ ഇറക്കുമതി ചെയ്യാമെന്നും മേൽ സർക്കുലറിലൂടെ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. മണൽ ഇറക്കുമതി ചെയ്യുന്ന വ്യക്തി, ആയതു സംഭരിക്കുന്ന സ്ഥലത്തിന് 2015 ലെ കേരള മിനറൽസ് (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിംഗ് & സ്റ്റോറേജ്) റൂൾസ് പ്രകാരം ഡിപ്പോ രജിസ്ട്രേഷനും ഡീലേഴ്സ് ലൈസൻസും സമ്പാദിക്കേണ്ടതുണ്ട്. ആയതിലേയ്ക്ക് രജിസ്ട്രേഷന് 1000/- രൂപയും ഡീലേഴ്സ് ലൈസൻസിന് 500/- രൂപയും അപേക്ഷാഫീസ് ഒടുക്കേണ്ടതും അപേക്ഷകന്റെ തിരിച്ചറിയൽ |

രേഖ, മണൽ സംഭരിക്കുന്ന സ്ഥലത്തിന്റെ, വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ കൈവശാവകാശ സർട്ടിഫിക്കറ്റ്, ലൊക്കേഷൻ സ്കെച്ച് എന്നിവ ഹാജരാക്കേണ്ടതുമാണ്. രജിസ്ട്രേഷൻ 5 വർഷം വരെയും ഡീലേഴ്സ് ലൈസൻസ് അനുവദിക്കുന്ന തീയതി മുതൽ പരമാവധി ഒരു വർഷത്തേയ്ക്കുമാണ് അനുവദിക്കുന്നത്. ഡീലേഴ്സ് ലൈസൻസിന് അപേക്ഷാ ഫീസിനു പുറമെ 2015 ലെ കേരള മിനറൽസ് (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിംഗ് സ്റ്റോറേജ് & ട്രാൻസ്പോർട്ടേഷൻ) ചട്ടത്തിലെ ഷെഡ്യൂൾ 1 പ്രകാരം 500 ടണ്ണിൽ കൂടുതൽ സ്റ്റോക്ക് ചെയ്ത് വിൽക്കുന്നതിന് ഒരു ടണ്ണിന് 4/- രൂപ നിരക്കിലും അതിൽ കുറവാണെങ്കിൽ 6/- രൂപ നിരക്കിലും ഈടാക്കുന്നതാണ്. അപേക്ഷയും ഉള്ളടക്കവും പൂർണ്ണവും ക്രമപ്രകാരവും ആണെങ്കിൽ, അപേക്ഷ ലഭിച്ച് 3 ദിവസങ്ങൾക്കകം രജിസ്ട്രേഷനും ഡീലേഴ്സ് ലൈസൻസും അനുവദിക്കാനും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. വിദേശത്തു നിന്നും കേരളത്തിലേയ്ക്ക് മണൽ ഇറക്കുമതി ചെയ്തതിനു ശേഷം മണൽ ഇറക്കിയ സ്ഥലത്തു നിന്നും ആയത് സംഭരണ കേന്ദ്രങ്ങളിലേക്ക് എത്തിക്കുന്നതിന് മൂവ്മെന്റ് പെർമിറ്റ് അനുവദിക്കാൻ ടി ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരം മൂവ്മെന്റ് പെർമിറ്റ് അനുവദിക്കുന്നതിനായി മണൽ ഇറക്കിവച്ചിരിക്കുന്ന സ്ഥലത്ത് ആയത് നിയമാനുസൃതമായി കൊണ്ടുവന്നു എന്ന് തെളിയിക്കുന്നതിനാവശ്യമായ രേഖകൾ ആണ് ആവശ്യമായി വരുന്നത്. കപ്പൽ മാർഗ്ഗം മണൽ കൊണ്ടുവന്നതാണെങ്കിൽ അപ്രകാരം കൊണ്ട് വന്ന് പോർട്ടിൽ എത്തിച്ചതായുള്ള രേഖ, വിദേശത്തു നിന്നും മണൽ വില കൊടുത്തു വാങ്ങുമ്പോൾ ലഭിക്കുന്ന ബിൽ തുടങ്ങിയ രേഖകൾ ഹാജരാക്കുന്ന വ്യക്തിക്ക് ആയത് ഇറക്കിവച്ചിരിക്കുന്ന സ്ഥലത്തു നിന്നും തന്നെ വില്പന നടത്താൻ അനുവാദം നല്കണമെങ്കിൽ സംഭരണ കേന്ദ്രത്തെ സംബന്ധിച്ച കൈവശാവകാശ സർട്ടിഫിക്കറ്റ്, ലൊക്കേഷൻ സ്കെച്ച് എന്നിവ ആവശ്യമാണ്. തുടർന്ന് മണൽ കടത്തുന്നതിന് മൂവ്മെന്റ് പെർമിറ്റ്, മിനറൽ ട്രാൻസിറ്റ് പാസ് എന്നിവയും അനുവദിക്കുന്നതാണ്. മറ്റു സംസ്ഥാനങ്ങളിൽ നിന്നും റോഡ്/ കടൽ മാർഗ്ഗം മണൽ എത്തിക്കുമ്പോൾ, ടി സംസ്ഥാനങ്ങളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നൽകിയ നിയമാനുസൃത മിനറൽ ട്രാൻസിറ്റ് പാസ് ഇറക്കുമതി ചെയ്യുന്ന വ്യക്തി ഹാജരാക്കണം.

| | | | |
|---|---|---|---|
| (ബി) | മണൽ ഇറക്കുമതി ചെയ്യുന്ന പദ്ധതിയിൽ നിന്നും അയൽ സംസ്ഥാനങ്ങളോ നിർമ്മാണ കമ്പനികളോ പിന്മാറാനിടയായ സാഹചര്യം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (സി) | വിദേശ മണലിന്റെ ഗുണനിലവാരം സംബന്ധിച്ചും സംസ്ഥാനത്തിന് ഇത് സാമ്പത്തികമായി എത്രമാത്രം ഗുണകരമാണെന്നത് സംബന്ധിച്ചും നടത്തിയ പഠനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ? | (സി) | ഇത് സംബന്ധിച്ച പഠനങ്ങളൊന്നും നടത്തിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**